# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4344 22-07-2015-ൽ മറുപടിയ്ക്ക്

## ആശ്രിത നിയമനം ഊർജ്ജിതമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) ആശ്രിത നിയമനം ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;<br><br>ബി) ഇതിനായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ ;<br><br>സി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ? | എയും, ബിയും, സിയും<br>ആശ്രിത നിയമനം ഊർജ്ജിതപ്പെടുത്തുന്നതിനായി 24.5.1999-ലെ ജി.ഒ.(പി)12/99/പി.ആന്റ് എ.ആർ.ഡി ഉത്തരവിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ആശ്രിത നിയമനത്തിനായി അപേക്ഷകർ വർഷങ്ങളോളം കാത്തിരിയ്ക്കേണ്ടി വന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ആശ്രിത നിയമനം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി 06.07.2012-ലെ ജി.ഒ.(എം.എസ്) നം.174/12/ ജി.എ.ഡി. ഉത്തരവ് പ്രകാരം 549 തസ്തികകളും, 02.09.2013-ലെ ജി.ഒ.(എം.എസ്)നം.249/13/ ജി.എ.ഡി. ഉത്തരവ് പ്രകാരം 356 തസ്തികകളും ഉൾപ്പെടെ 905 തസ്തികകൾ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 02.06.2014 ലെ ജി.ഒ.(എം.എസ്) നം.131/2014/ ജി.എ.ഡി. പ്രകാരം നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ 3 സൂപ്പർന്യൂമററി തസ്തികകളും, 06.11.2014 ലെ ജി.ഒ.(എം.എസ്) നം.307/2014/ ജി.എ.ഡി. ഉത്തരവ് പ്രകാരം പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ ഒരു സൂപ്പർന്യൂമററി തസ്തികയും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ആശ്രിത നിയമനത്തിനായുള്ള വരുമാന പരിധി 6 ലക്ഷം രൂപയാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ